(ബി) കൂടുതൽ പേർക്ക് ഹജ്ജിന് പോകുവാൻ വേണ്ട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) നമ്മുടെ സംസ്ഥാനത്തുനിന്നും നേരിട്ട് ഹജ്ജിന് പോകാൻ സൗകര്യം ഉണ്ടോ?

ഉത്തരം

(എ) 2892.

(ബി, സി) ഇല്ല.

മേജർ ഇറിഗേഷൻ പദ്ധതികൾ

419 [456] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982–83–നു ശേഷം സംസ്ഥാനത്ത് മേജർ ഇറിഗേഷൻ പദ്ധതിക്കു ഏതിനെങ്കിലും രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) അവയുടെ അടങ്കൽ ചെലവ് എത്രയെന്നു പറയാമോ?

ഉത്തരം

(എ) ഉണ്ട്. 1982–83-നു ശേഷം സംസ്ഥാനത്ത് ഒരു മേജർ ഇറിഗേഷൻ പദ്ധതിയുടെ സാദ്ധ്യതാ റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇത് മലപ്പുറം ജില്ലയിലെ ചാലിയാർ നദീതട പദ്ധതിയാണ്.

(സി) ഇതിന്റെ സാദ്ധ്യതാ റിപ്പോർട്ടു പ്രകാരം അടങ്കൽ തുക 378 കോടി രൂപയാണ്.

മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

420 [457] ശ്രീ. വി.വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി ജലസേചന പദ്ധതിക്കു കഴിഞ്ഞ വർഷം എത്ര ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചു;

(ബി) ഇതിൽ എത്ര രൂപ ചെലവായി;

(സി) ഈ വർഷം ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക എത്ര;

(ഡി) പണി പൂർത്തിയാക്കിയ കോൺട്രാക്ടർമാർക്ക് എത്ര ലക്ഷം രൂപ കൊടുക്കാനുണ്ട്;

(ഇ) ഈ വർഷത്തെ അലോട്ടുമെന്റിൽനിന്നും ഇക്കാര്യത്തിനു എത്ര രൂപ ചെലവഴിക്കാൻ സാധിക്കും;

(എഫ്) പുതിയ പണികൾക്കു ഇപ്പോൾ ടെൻഡർ വിളിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഈ വർഷം എത്ര പണികൾക്ക്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ആവശ്യത്തിനു പണം അലോട്ടു ചെയ്യാത്തതുകൊണ്ട് ഈ പദ്ധതിയുടെ പണി സ്തംഭനാവസ്ഥയിലായിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ അതിനെന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ഉത്തരം

(എ) 193.922 ലക്ഷം രൂപ.

(ബി) ഇതിൽ 1985–86–ൽ 195.12 ലക്ഷം രൂപ ചെലവായിട്ടുണ്ട്..

(സി) 200 ലക്ഷം രൂപ.

(ഡി) 1–4–1986–ൽ 108.334 ലക്ഷം രൂപയ്ക്കുള്ള കോൺട്രാക്ടർമാർക്കുള്ള ബില്ലുകൾ കൊടുക്കാനുണ്ട്.

(ഇ) 1986 ഏപ്രിൽ 1–ാം തീയതിവരെ 108.334 ലക്ഷം രൂപയുടെ കോൺട്രാക്ടറൻമാരുടെ ബില്ലുകളും 115.551 ലക്ഷം രൂപയുടെ സി. എസ്. എസ്. ബില്ലുകളും കൊടുത്തു തീർക്കാനുണ്ട്. ഇതു കൂടാതെ 301.626 ലക്ഷം രൂപ സ്ഥലം പൊന്നും വിലയ്ക്കെടുത്ത വകയിൽ അഡ്ജസ്റ്റ് ചെയ്യാനുണ്ട്.. അങ്ങനെ മൊത്തം 525.511 ലക്ഷം രൂപയുടെ ബാദ്ധ്യതയ്ക്കുവേണ്ടി ബഡ്ജറിലുള്ള 200 ലക്ഷം രൂപയിൽ ജോലികൾക്കായി വകകൊള്ളിച്ചിട്ടുള്ളത് 149.988 ലക്ഷം രൂപ മാത്രമാണ്. കോൺട്രാക്ടറൻമാരുടെ കുടിശ്ശിക ബില്ലു നൽകുവാൻ നടപടി കൈക്കൊള്ളുന്നതാണ്.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) പദ്ധതിയുടെ പണികൾ സ്തംഭിച്ചിട്ടില്ല. എന്നാൽ കരാർ ചെയ്യപ്പെട്ട പണികളിൽ എല്ലാ പണികൾക്കും യഥാസമയം ബില്ലു നൽകുവാൻ സാധിക്കാത്തതുകൊണ്ട് ചില കരാറുകാർ താൽക്കാലികമായി പണികൾ നിറുത്തിവെച്ചിട്ടുണ്ട്. ചിലർ കരാറിൽനിന്നും ഒഴിവാക്കണമെന്നപേക്ഷിച്ചിട്ടുണ്ട്.

(ഐ) ഈ സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കാൻ കഴിയുകയില്ല. അടുത്ത വർഷം കൂടുതൽ അലോട്ട്മെൻറ് പ്രതീക്ഷിക്കുന്നു. മൂവാറ്റുപുഴ പദ്ധതി വിദേശ സഹായത്തിനായി ശുപാർശ ചെയ്യുന്നതാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തിയ ഇറിഗേഷൻ പണികൾ

421 [458] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86–ലെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തിയ ഇറിഗേഷൻ പണികൾക്കുവേണ്ടി എത്ര തുക ലഭിച്ചു;

(ബി) മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും പ്രത്യേകം പ്രത്യേകമായി എത്ര തുക വീതം അനുവദിച്ചു;

(സി) തിരുവനന്തപുരം ജില്ലയിൽ ഇതിലേക്കായി തുക നൽകിയിരുന്നോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; ഏതെല്ലാം ജോലികൾക്കെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly